പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5421 04.07.2013-ൽ മറുപടിക്ക്

**ചേലക്കര നിയോജക മണ്ഡലത്തിലെ ആശുപത്രികളിൽ ഒഴിവുകൾ**

ചോദ്യം

ശ്രീ.കെ.രാധാകൃഷ്ണൻ

മറുപടി

ശ്രീ.വി.എസ്.ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ ആശുപത്രികളിൽ ഡോക്ടർമാരുൾപ്പെടെയുള്ളവരുടെ വിവിധ തസ്തികകളിലെ ഒഴിവുകളെക്കുറിച്ച് തൃശ്ശൂർ ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(എ) ഉണ്ട്.

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ചേലക്കര നിയോജകമണ്ഡലത്തിലെ സി.എച്ച്.സി തിരുവില്വാമല, താലൂക്കാശുപത്രി ചേലക്കര എന്നിവിടങ്ങളിൽ സിവിൽ സർജൻമാരുടെ ഓരോ ഒഴിവുകളും പി.എച്ച്.സി. എളനാട്ടിൽ അസിസ്റ്റന്റ് സർജന്റെ ഒരു ഒഴിവുമുണ്ട്. കൂടാതെ, ചേലക്കര താലൂക്ക് ആശുപത്രിയിൽ സ്റ്റാഫ് നഴ്സിന്റെ ഒരൊഴിവും പി.എച്ച്.സി എളനാട്, പി.എച്ച്.സി തോന്നൂർക്കര, പി.എച്ച്.സി പാഞ്ഞാൾ എന്നിവിടങ്ങളിൽ പബ്ലിക് ഹെൽത്ത് നഴ്സിന്റെ ഓരോ ഒഴിവും നിലവിലുണ്ട്.

(സി) ഈ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പകർച്ചപ്പനിയും മറ്റ് മഴക്കാലജന്യ രോഗങ്ങൾ ഉൾപ്പെടെ വ്യാപകമായി പടർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ആശുപത്രികളിലെ ഒഴിവുകൾ നികത്തുമെന്ന സർക്കാർ പ്രഖ്യാപനം ഉറപ്പാക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

(സി)&(ഡി) സിവിൽ സർജൻമാരുടെ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ജൂൺ മാസത്തിൽ പി.ജി കോഴ്സ് കഴിഞ്ഞ് സർവ്വീസിൽ പ്രവേശിച്ച ഡോക്ടറെ നിയമിച്ച് അസിസ്റ്റന്റ് സർജൻ തസ്തികയിലെ ഒഴിവും നികത്തിയിട്ടുണ്ട്. മറ്റ് തസ്തികയിലേക്കുള്ള ഒഴിവുകൾ നികത്തുന്നതിന് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

Sobha

സെക്ഷൻ ഓഫീസർ